## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1137.** **30.11.2018 ൽ മറുപടിയ്ക്ക്**

## ലഹരി വസ്തുക്കൾ വില്പന നടത്തുന്നവർക്ക് ശിക്ഷ ഉറപ്പാക്കാനുള്ള നിയമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പാറക്കൽ അബ്ദുള്ള | | ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ചെറിയ പൊതികളിലായി വിൽക്കുന്ന കഞ്ചാവ് തൊട്ട് വൻവിലയുള്ള കൊക്കെയിനും എം.ഡി.എം.എ.യും വരെയുള്ള ലഹരി വസ്തുക്കളുടെ ഒരു കമ്പോളമായി കേരളം മാറുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ പിടിക്കപ്പെടുന്ന പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പുവരുത്തുവാൻ ഒരു സമഗ്ര നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) | എൻ.ഡി.പി.എസ് ആക്ട് ഒരു കേന്ദ്ര നിയമമാണ്. ഒരു കിലോഗ്രാമിൽ താഴെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്ര നിയമം ഭേദഗതി ചെയ്തതുമൂലം ഒരു കിലോഗ്രാമിന് താഴെ കഞ്ചാവ് വിൽപ്പനയ്ക്കായോ ഉപയോഗത്തിനായോ കൈവശം വച്ച കുറ്റത്തിന് പിടിക്കപ്പെടുന്നവർ ഉടൻതന്നെ ജാമ്യത്തിലിറങ്ങി സമാനമായ കുറ്റകൃത്യം ആവർത്തിക്കുന്നതിന് സാധ്യത കൂടുതലാണ്. ആയതുമൂലം കഞ്ചാവിന്റെ ലഭ്യത വർദ്ധിക്കുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നു. മയക്കുമരുന്നുകൾ ചെറിയ അളവിൽ പോലും കൈവശം വച്ച് കൈകാര്യം ചെയ്താൽ അത്തരം കുറ്റകൃത്യം ചെയ്യുന്നവർക്ക് പരമാവധി ശിക്ഷ കിട്ടുന്നതിന് എൻ.ഡിപി.എസ് ആക്ടിൽ വ്യവസ്ഥ കൊണ്ടുവരുന്നതിന് കേന്ദ്ര ഗവൺമെന്റിലേക്ക് സംസ്ഥാന സർക്കാർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | സമഗ്ര നിയമ നിർമ്മാണത്തിനായി എക്സൈസ്, പോലീസ്, വിദ്യാഭ്യാസം, സാമൂഹ്യനീതി തുടങ്ങിയ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനവും പൊതുജന പങ്കാളിത്തവും ഉറപ്പുവരുത്തുമോ; വിശദാംശങ്ങൾ നൽകുമോ? | (സി) | ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ, ഇക്കാര്യത്തിൽ പൊതുജന പങ്കാളിത്തവും ഉറപ്പുവരുത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**